## ദൈവത്തിന്റെ സർവാധികാരം

### I. ദൈവത്തിന്റെ സർവാധികാരത്തെക്കുറിച്ചുള്ള ഒരു ദർശനം നാം കാണുന്നത് വളരെ നിർണായകമാണ്

- സർവാധികാരം എന്നത് ദൈവത്തിന്റെ പരിധിയില്ലാത്ത അധികാരത്തെയും ശക്തിയെയും പദവിയെയും സൂചിപ്പിക്കുന്നു
  - സർവാധികാരി എന്ന നിലയിൽ, ദൈവം എല്ലാറ്റിനും മേലും, എല്ലാറ്റിനും പിന്നിലും, എല്ലാത്തിലും ഉണ്ട്
  - തന്റെ ഹൃദയാഗ്രഹത്തിനും നിത്യവ്യവസ്ഥയ്ക്കും ഒത്തവണ്ണം താൻ ആഗ്രഹിക്കുന്നത് നടപ്പിലാക്കാൻ ദൈവത്തിന് പൂർണ കാര്യക്ഷമതയുണ്ട്

- റോമർ 9:19-23 ദൈവത്തിന്റെ സർവാധികാരത്തെ പരാമർശിക്കുന്നു:
  - റോമർ 19b-20
    - നാം ആരാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്: അവന്റെ സൃഷ്ടികളെന്ന നിലയിൽ, നാം അവന്റെ ഉദ്ദേശ്യത്തെ എതിർക്കുകയോ സ്രഷ്ടാവായ അവനോട് പ്രത്യുത്തരം പറയുകയോ അരുത്
  - റോമ. 9:21
    - ദൈവം കുശവനും, നാം അവന്റെ കയ്യിലെ കളിമണ്ണുമാണ്; കുശവനായ ദൈവം സർവാധി കാരിയാണ്
  - ദൈവം സർവാധികാരപരമായി നമ്മെ സൃഷ്ടിച്ചത് അവന്റെ പാത്രങ്ങളായിരിക്കാനാണ്
    - ദൈവത്തിന്റെ സർവാധികാരം അവന്റെ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനമാണ്; അവന്റെ തിരഞ്ഞെടുപ്പ് അവന്റെ സർവാധികാരത്തെ ആശ്രയിച്ചിരിക്കുന്നു
  - റോമ. 9:23
    - തന്റെ തേജസ്സ് വെളിവാകേണ്ടതിന് തന്നെ ഉൾക്കൊള്ളുവാൻ അവൻ തിരഞ്ഞെടുത്തതും വിളിച്ചതുമായ കരുണാപാത്രങ്ങളെ ഉണ്ടാക്കാൻ തന്റെ സർവാധികാരത്തിൽ ദൈവത്തിന് അധികാരമുണ്ട്

## ദൈവത്തിന്റെ കരുണ

### II. "'എനിക്ക് കരുണ തോന്നുന്നവരോട് എനിക്ക് കരുണ തോന്നും'... അതുകൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ കാണിക്കുന്ന ദൈവത്താലത്രേ"

- ദൈവത്തിന്റെ കൃപയും സ്നേഹവും കടന്നുചെല്ലുന്നതിലും അധികമായി കടന്നുചെന്നുകൊണ്ട് ദൈവത്തിന്റെ ഏറ്റവും ദൂരവ്യാപകമായ സദ്ഗുണമാണ് കരുണ

- നമ്മുടെ ധാരണ, ഇച്ഛിക്കുന്നവന് താൻ നേടാൻ ഇച്ഛിക്കുന്നത് നേടാൻ കഴിയുമെന്നും, ഓടുന്നവന് താൻ നേടാൻ ഓടുന്നത് നേടാനാകുമെന്നുമാണ്
  - നമുക്ക് ദൈവത്തിന്റെ കരുണ അറിയാമെങ്കിൽ, നാം നമ്മുടെ പ്രയത്നത്തിൽ ആശ്രയിക്കുകയോ പരാജയങ്ങളിൽ നിരാശരാകുകയോ ചെയ്യില്ല; നമ്മുടെ ശോചനീയാവസ്ഥയ്ക്കുള്ള പ്രത്യാശ ദൈവത്തിന്റെ കരുണയിലാണ്

- നാം ദൈവത്തെ അവന്റെ പുതിയനിയമ വ്യവസ്ഥയിൽ സേവിക്കണമെങ്കിൽ, അത് പൂർണ്ണമായും ദൈവത്തിന്റെ സർവാധികാരപരമായ കരുണയുടെ വിഷയമാണെന്ന് നാം അറിയണം
  - സർവാധികാരപരമായ കരുണ എന്ന പ്രയോഗം അർഥമാക്കുന്നത് ദൈവത്തിന്റെ കരുണ സമ്പൂർണ മായും ദൈവത്തിന്റെ സർവാധികാരത്തിന്റെ വിഷയമാണെന്നാണ്
  - കാരുണാപാത്രമാകുന്നത് നമ്മുടെ തിരഞ്ഞെടുപ്പിന്റെ ഫലമല്ല; അത് ദൈവത്തിന്റെ സർവാധികാരത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്
  - ദൈവത്തിന്റെ സർവാധികാരപരമായ കരുണയിൽ, നമ്മുടെ ഹൃദയങ്ങൾ അവങ്കലേക്ക് ചാഞ്ഞിരിക്കുന്നു; നമ്മോടുള്ള അവന്റെ കരുണ നിമിത്തം, നാം അനുദിനം അവനെ അന്വേഷിക്കുന്നു
  - ഉത്തരവാദിത്തം വഹിക്കാനുള്ള നമ്മുടെ സന്നദ്ധത അവന്റെ കരുണയാലാണ്
  - കർത്താവിന്റെ പ്രത്യുദ്ധാരത്തെ സംബന്ധിച്ചിട ത്തോളം, ദൈവത്തിന് കരുണ തോന്നുന്നവനോട് അവന് കരുണ തോന്നും

- റോമർ 9 എല്ലാം ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്ന തത്ത്വം വെളിപ്പെടുത്തുന്നു
  - ഒരു തവണയെങ്കിലും നാം ദൈവത്തിന്റെ കരുണ കാണുകയും നിശ്ചിതമായി അവന്റെ കരുണയെ സ്പർശിക്കുകയും വേണം
  - ഈ വിഷയത്തെ സംബന്ധിച്ച്, നമ്മുടെ കണ്ണുകൾ ഒരിക്കലെങ്കിലും തുറക്കപ്പെടേണ്ടതുണ്ട്; എല്ലാം ദൈവത്തിന്റെ കാരുണയെ ആശ്രയിച്ചിരിക്കുന്നു വെന്ന് ഒരിക്കലെങ്കിലും നാം കാണണം.
  - ഈ വിഷയത്തെ സ്പർശിക്കുന്ന നിമിഷം, നാം സ്പർശിക്കുന്നത് ഒരു അനുഭൂതിയെയല്ല, ഒരു വസ്തുതയെയാണ്; എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് ഈ വസ്തുത.